നം. എൻ.ഇ.പി(3)/22360/03/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം

തീയതി : 12.12.2006

പ്രേഷിതൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്

വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ
വയനാട്

സർ,

വിഷയം :- ശ്രീ. കെ.കെ. സുരേഷ്കുമാർ ഉൾപ്പെടെ ആവശ്യപ്പെടാതെ ലാവണം മാറ്റിയ മാസ്റ്റർ ട്രെയിനർമാരുടെ ലാവണം പുന : സ്ഥാപിക്കുന്നത് സംബന്ധിച്ച് -

സൂചന :- 1. ഓർഡർ നം. A2/2183/06 (1) dtd. 13.11.2006 - ലെ വിദ്യാഭ്യാസ ഉപഡയറക്ടർ, വയനാട്.

2. വയാനട് മാസ്റ്റർ ട്രെയിനർ ശ്രീ. കെ.കെ. സുരേഷ്കുമാറിന്റെ നിവേദനം.

3. ഐ.ടി @ സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 16.11.2006 - ലെ ITS/206/11/1235(14) നമ്പർ കത്ത്.

വയനാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ മേൽ സൂചന (1) ൽ കാണിച്ചിരിക്കുന്ന ഉത്തരവിൻ പ്രകാരം ഗണിതശാസ്ത്ര അദ്ധ്യാപകനും ഇപ്പോൾ ഐ.ടി @ സ്കൂൾ മാസ്റ്റർ ട്രെയിനറുമായ ശ്രീ. കെ.കെ. സുരേഷ് കുമാർ (HSA) യുടെ ലാവണം വെള്ളമുണ്ട മോഡൽ ഹയർസെക്കണ്ടറി സ്കൂളിൽ നിന്നും വെള്ളാർമല ഗവൺമെന്റ് ഹൈസകൂളിലേക്ക് മാറ്റിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ശ്രീ. കെ.കെ. സുരേഷ് കുമാർ മേൽ സൂചന (2) പ്രകാരം നൽകിയിരിക്കുന്ന പരാതിയിൽ തന്റെ ലാവണം തന്റെ മാതൃസ്കൂളിൽ തന്നെ നിലനിർത്തി തരണമെന്ന് ആവശ്യപ്പെട്ട് ഐ.ടി @ സ്കൂൾ ഡയറക്ടർക്ക് പരാതി നൽകിയിരുന്നു.

മേൽ സൂചന (3) പ്രകാരം ഐ.ടി @ സ്കൂൾ ഡയറക്ടർ ഈ ഓഫീസിൽ നൽകി അടിയന്തിര നടപടി ആവശ്യപ്പെട്ടിരിക്കുന്ന തന്റെ റിപ്പോർട്ടിൽ വയനാട് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറുടെ മേൽ സൂചന (1) പ്രകാരമുള്ള നടപടി ഐ.ടി @ സ്കൂളിൽ ജോലിനോക്കുന്ന മാസ്റ്റർ ട്രെയിനർമാരുടെ ഇടയിൽ അസംതൃപ്തി ഉണ്ടാക്കിയിരിക്കുന്നതായും ഇതിനെതുടർന്ന് പല മാസ്റ്റർ ട്രെയിനർമാരും തങ്ങളുടെ മാസ്റ്റർ ട്രെയിനർ പദവി ഉപേക്ഷിച്ച് മാതൃ സ്കൂളുകളിലേക്ക് മടങ്ങാൻ ആഗ്രഹം

പ്രകടിപ്പിച്ചിരിക്കുന്നതായും പറയുന്നു. ഇങ്ങനെ വിദഗ്ദ ട്രെയിനിംഗ് ലഭിച്ച മാസ്റ്റർ ട്രെയിനർമാർ കൂട്ടത്തോടെ ഐ.ടി @ സ്കൂൾ വിട്ട് മാതൃ വിദ്യാലയങ്ങളിലേക്ക് മടങ്ങിയാൽ അത് ഐ.ടി @ സ്കൂൾ പ്രോജക്ടിന്റെ പ്രവർത്തനത്തെ കാര്യമായി ബാധിക്കുമെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു.

കൂടാതെ ഐ.ടി @ സ്കൂൾ ഡയറക്ടറുടെ റിപ്പോർട്ടിൽ മാസ്റ്റർ ട്രെയിനർമാരായി നിയമിക്കപ്പെട്ട അദ്ധ്യാപകരുടെ ഒഴിവിൽ സ്കൂളിന്റെ സുഗമമായ പ്രവർത്തനത്തെയും വിദ്യാർത്ഥികളുടെ അദ്ധ്യയനത്തെയും ബാധിക്കാതിരിക്കാൻ ഐ.ടി @ സ്കൂളിന്റെ പൂർണ്ണമായ ചെലവിൽ ഗസ്റ്റ് അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടെന്നും അവർക്ക് ശമ്പളവും മറ്റും കൃത്യമായി ഐ.ടി @ സ്കൂൾ തന്നെ നൽകിവരുന്നതായും പറയുന്നു. ഇക്കാരണത്താൽ വയനാട് ഉപഡയറക്ടറുടെ ഉത്തരവിൽ മാസ്റ്റർ ട്രെയിനർമാരുടെ ലാവണം മാറ്റി പകരം അദ്ധ്യാപകരെ നിയമിച്ചതിന് പറയുന്ന കാരണങ്ങൾക്ക് യാതൊരു സാംഗത്യവും ഇല്ലാ എന്നും പറയുന്നു.

മേൽ വിവരണത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. കെ.കെ. സുരേഷ്കുമാർ (HSA) ഉൾപ്പെടെ ലാവണം മാറ്റിയ അദ്ധ്യാപകരുടെ ലാവണം അതാത് സ്കൂളിൽ നിലനിർത്തി നിലവിലുള്ള സ്ഥിതി തുടരാൻ വേണ്ട നിർദ്ദേശം നൽകണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

ഐ.ടി @ സ്കൂൾ ഡയറക്ടറുടെ റിപ്പോർട്ടിൽ പറയുന്ന ആവശ്യം പരിഗണനാർഹമാണെന്ന് കാണുന്നതിനാൽ വെള്ളമുണ്ട സ്കൂളിൽ നിന്നും ശ്രീ. കെ.കെ. സുരേഷ്കുമാർ ഉൾപ്പെടെ ഐ.ടി @ സ്കൂൾ മാസ്റ്റർട്രെയിനർമാരായി ജോലി നോക്കുന്ന അദ്ധ്യാപകരെ അവരുടെ ഇഷ്ടപ്രകാരമല്ലാതെ ലാവണം മാറ്റിയിട്ടുണ്ടെങ്കിൽ ആയത് പുന : സ്ഥാപിച്ച് നൽകണമെന്ന് നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ,

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**